**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3625** **14-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നിട്ടൂർ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക രംഗത്ത് വലിയ കുതിച്ച് ചാട്ടം നടത്താൻ ഉദ്ദേശിച്ച് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കായിക രംഗത്ത് ഏറ്റവും അടിസ്ഥാന തലത്തിൽ നിന്നും തുടങ്ങി വലിയൊരു കുതിച്ചുചാട്ടം ലക്ഷ്യമിട്ടുകൊണ്ടാണ് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി നടപ്പിലാക്കുന്നത്.<br><br>സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം സ്ഥാപിക്കുക വഴി താഴെത്തട്ടിൽ നിന്നും ഉയർന്നുവരുന്ന കായിക പ്രതിഭകൾക്ക് പ്രചോദനമാകുക എന്ന വലിയ ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത ഈ പദ്ധതിയിൽ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, വിവിധ പ്രാദേശിക കളികൾക്കായുള്ള സൗകര്യങ്ങൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, കുട്ടികൾക്കായുള്ള പാർക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, ഗെയിംസ് അരീന മുതലായവ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പദ്ധതി പ്രധാനമായും ഗ്രാമതല സ്പോർട്സ് ഫിറ്റ്നസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.<br><br>നിലവിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **കൂടാതെ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ പതിനാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വർഷവും ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നതിനുള്ള പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നും വോളീബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ സെലക്ഷൻ ട്രയൽ കം ചാമ്പ്യൻഷിപ്പ് നടത്താവുന്നതും ഗ്രാമപഞ്ചായത്ത് പരിധിയിലെ രജിസ്റ്റേഡ് യുവജന ക്ലബ്ബുകളിൽ ഒരു ക്ലബ്ബിന് 6000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതുമാണ്. കുട്ടികൾക്കുള്ള അത്‌ലറ്റിക്സ് പരിശീലനങ്ങൾ, മത്സരങ്ങൾ, ഓപ്പൺ ജിംനേഷ്യം, ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം, ഒരു പഞ്ചായത്തിൽ ഒരു നീന്തൽ കുളവും നീന്തൽ പരിശീലനവും തുടങ്ങിയ പദ്ധതികൾക്കായി പ്രസ്തുത പഞ്ചായത്തുകൾക്ക് മാർഗ്ഗരേഖ പ്രകാരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വനിത ടീമുകളുടെ സൗഹൃദ മത്സരങ്ങളും ടൂർണമെന്റുകളും നടത്താൻ തയ്യാറാകുന്ന ആർട്സ് & സ്പോർട്സ് ക്ലബുകൾക്കും സ്പോർട്സ് അക്കാഡമികൾക്കും അസോസിയേഷനുകൾക്കും 5000രൂപ വീതം ധനസഹായം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.** |
| (ബി) | കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ നിട്ടൂർ സ്റ്റേഡിയം നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഗണിക്കുന്നുണ്ടോ; അറിയിക്കാമോ? | (ബി) | **കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ നിട്ടൂർ പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ വക സ്ഥലത്ത് ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിന്മേൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം സെവൻസ് ഫുട്ബോൾ കോർട്ട്, ഗ്യാലറി, ചെയിഞ്ച് റൂം, ഓപ്പൺ സ്റ്റേജ്, ഇലക്ട്രിക്കൽ സംവിധാനം എന്നീ പ്രവൃത്തികൾക്കായി 1,18,90,291/- രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| | | | **കൂടാതെ കുറ്റ്യാടി ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിട്ടൂർ എന്ന സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം എന്ന പദ്ധതി ആരംഭിച്ച് 449247/-രൂപ ചെലവഴിച്ച് സ്റ്റേഡിയത്തിന്റെ കവാടം, ഗേറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ